(ബി) കള്ളക്കടത്ത് തടയുന്നതിന് ആഭ്യന്തര വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ് എന്ന് വിശദമാക്കുമോ;

(സി) ചെക്ക് പോസ്റ്റുകൾ കേന്ദ്രീകരിച്ച് വിജിലൻസ് പരിശോധന നടത്തിയിട്ടുണ്ടോ; ഇതുമായി ബന്ധപ്പെട്ട് എത്രപേർക്കെതിരെ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്; വിശദാംശം നൽകുമോ;

(ഡി) കള്ളക്കടത്ത് തടയുന്നതിന് പ്രത്യേക പോലീസ് സ്ക്വാഡ് രൂപീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) അതിർത്തി പോലീസ് സ്റ്റേഷനുകളിൽ പട്രോളിംഗ്, ബീറ്റ് സംവിധാനം എന്നിവ ഫലപ്രദമായി നടപ്പിലാക്കിയും, ഇടറോഡുകളിലെ റൂട്ടുകളിൽ പരിശോധനകൾ നടത്തിയും, കർശനമായ വാഹന പരിശോധനകൾ നടത്തിയും കള്ളക്കടത്ത് തടയുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) വിവിധ ചെക്ക് പോസ്റ്റുകളിൽ വിജിലൻസ് മിന്നൽ പരിശോധനകൾ നടത്തുകയും കുറ്റകൃത്യങ്ങളുടെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ രജിസ്റ്റർ ചെയ്യുകയും ചെയ്ത വിജിലൻസ് കേസുകളുടെ വിവരം അനുബന്ധമായി ചേർക്കുന്നു.*

(ഡി) കള്ളക്കടത്ത് തടയുന്നതിന് പ്രത്യേകമായി പോലീസ് സ്ക്വാഡ് രൂപീകരിച്ചിട്ടില്ല.

കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾ

222 (1966) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന 2011 മുതൽ എത്ര കുട്ടികൾക്കെതിരെ അതിക്രമങ്ങൾ നടന്നിട്ടുണ്ട് എന്നറിയിക്കാമോ ;

(ബി) കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾ ഇല്ലായ്മ ചെയ്യുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദാംശം വ്യക്തമാക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന 2011 മുതൽ 8,821 കുട്ടികൾക്കെതിരെ അതിക്രമങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾ ഇല്ലായ്മ ചെയ്യുന്നതിന് ചൈൽഡ് വെൽഫെയർ കമ്മിറ്റിയുടെയും, ചൈൽഡ് ലൈനിന്റെയും സഹായത്തോടുകൂടി ബോധവൽക്കരണ ക്ലാസുകളും, കൗൺസിലിംഗും നടത്തിവരുന്നു. കൂടാതെ സ്കൂളുകളിൽ പരാതിപ്പെട്ടികൾ സ്ഥാപിച്ച് കുട്ടികളിൽ നിന്നും പരാതികൾ സ്വീകരിച്ചും, ജില്ലാ ആസ്ഥാനങ്ങളിൽ ആന്റി-ഹ്യൂമൺ ട്രാഫിക്കിംഗ് സെൽ, സ്കൂളുകളിൽ സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പ് എന്നിവ രൂപീകരിച്ചും, POCSO Act, ജുവനൈൽ ജസ്റ്റിസ് ആക്ട് എന്നീ നിയമങ്ങൾ അനുസരിച്ചും അക്രമികൾക്കെതിരെ കർശനമായ നിയമനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

ശ്രുതയാത്ര 2015 പദ്ധതി

223 (1967) ശ്രീ. കെ. അച്ചുതൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. പി. സി വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ശ്രുതയാത്ര 2015 പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികളാണ്എടുത്തിട്ടുള്ളത്?

ഉത്തരം

(എ) ഉണ്ട്.

(ബി) കേരളത്തിലെ റോഡുകളെ സമൂഹത്തിലുള്ള എല്ലാ വിഭാഗങ്ങൾക്കും സുരക്ഷിതമായി ഉപയോഗിക്കുവാൻ സാദ്ധ്യമാക്കുകയെന്ന ലക്ഷ്യമാണ് പദ്ധതിക്കുള്ളത്. ഈ പദ്ധതി വഴി ട്രാഫിക്കുമായി ബന്ധപ്പെട്ട '3E' കളായ എൻഫോഴ്സ്മെന്റ്, എഞ്ചിനീയറിംഗ്, എഡ്യൂക്കേഷൻ എന്നിവ ഫലപ്രദമായി കൈകാര്യം ചെയ്യുവാൻ സാദ്ധ്യമാകുന്നതാണ്.